സെന്റ് തോമസ് ഇ എൽ പി സ്കൂൾ
പടിഞ്ഞാറത്തറ പി.ഒ. വാരാമ്പറ്റ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26




## എൽ. പി തലം

# ആമുഖം

## നമ്മുടെ വിദ്യാലയം

വയനാട് ജില്ലയിൽ വൈത്തിരി ഉപജില്ലയിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ ബാണാസുരസാഗർ പദ്ധതിയുടെ സമീപപ്രദേശത്താണ് സെന്റ് തോമസ് ഇ എൽപി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1968 ൽ ഒന്നാം ക്ലാസിൽ ഒരു ഡിവിഷൻ മാത്രമായി പ്രവർത്തനം ആരംഭിച്ച സ്കൂളിന്റെ സ്ഥാപകൻ അയിരൂർ എസ്റ്റേറ്റ് ഉടമയായ അബ്രഹാം കുരുടാമണ്ണിൽ ആയിരുന്നു .എസ്റ്റേറ്റിലെ തൊഴിലാളികളുടെ മക്കൾക്ക് പഠിക്കുന്നതിനായി അദ്ദേഹം സ്ഥാപിച്ച സ്കൂൾ 57 വർഷങ്ങൾക്ക് മുമ്പ് വിദ്യാഭ്യാസത്തിനായി വളരെ ദൂരെയുള്ള വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടി വന്ന പ്രദേശവാസികൾക്ക് ഒരു ആശ്വാസമായിരുന്നു. ഇന്നും കുറ്റ്യാം വയൽ, കാപ്പിക്കളം, പന്തിപ്പൊയിൽ പ്രദേശത്തെ പ്രൈമറി വിദ്യാഭ്യാസത്തിന് ഏക ആശ്രയമാണ് സെൻറ് തോമസ് ഇവാഞ്ചലിക്കൽ എൽപി സ്കൂൾ .

## നേട്ടത്തിന്റെ പാതയിൽ

ഈ ഗ്രാമത്തിൻറെ സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽ ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ആദിവാസികൾ ധാരാളമുള്ള ഈ പ്രദേശത്ത് അവരുടെ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കാനും ഈ വിദ്യാലയം എന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നു .വിവിധ മേഖലകളിൽ (എൻജിനീയർമാർ, ഡോക്ടർമാർ, വക്കീൽ ,നഴ്സുമാർ, അധ്യാപകർ ,മറ്റു ഗവൺമെൻറ് ജീവനക്കാർ, സ്വയംതൊഴിൽ സംരംഭകർ, കൃഷിക്കാർ, രാഷ്ട്രീയ പ്രവർത്തകർ, ജനപ്രതിനിധികൾ) സേവനം ചെയ്യുന്ന പൂർവ്വ വിദ്യാർത്ഥികൾ ഈ സ്കൂളിന്റെ പ്രധാന നേട്ടമാണ്. കാലാകാലങ്ങളിൽ പ്രവർത്തിപരിചയ ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര മേളകളിലും കലാമേളകളിലും കായികമേളകളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് കഴിഞ്ഞു വരുന്നു .നാഷണൽ ഇൻറർനാഷണൽ തലത്തിൽ ബാസ്കറ്റ്ബോൾ താരങ്ങളായ ജീന പി എസ് ,റോസ്മേരി ജോസ് ,ഹൈജമ്പ് താരമായ പ്രിൻസ് ജോസ്  ഡോ.യു സി ആയിഷ , ഡോ. ഇ മുഹമ്മദ് റഫീഖ്, അഡ്വ. യു.സി അബ്ദുള്ള, ഡോ.എബി ഫിലിപ്പ് .എന്നിവർ ഈ സ്കൂളിന്റെ പൂർവവിദ്യാർത്ഥികളാണ്.

## അക്കാദമിക മാസ്റ്റർ പ്ലാൻ.

കുട്ടികളെ അറിവിൻറെ ലോകത്തേക്ക് കൈപിടിച്ചുയർത്തുന്നതിന് കൃത്യമായ ആസൂത്രണവും കരുതലും ആവശ്യമാണ്. അക്കാദമിക മേഖലകളിൽ ഇത്തരത്തിൽ നടത്തുന്ന മുന്നൊരുക്കങ്ങളെ ആധികാരികമായി രേഖപ്പെടുത്തുന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.എസ് ആർ ജി യോഗത്തിൽ ഒരു വർഷത്തെ പ്രധാന അക്കാദമിക ലക്ഷ്യങ്ങൾ കണ്ടെത്തുകയും അവയെ മുൻഗണന അനുസരിച്ച് ക്രമപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു.ഓരോ പ്രവർത്തനവും നടപ്പാക്കുന്ന കാലയളവും അവ നടപ്പിലാക്കേണ്ടത് ആരുടെ ചുമതലയാണെന്നും യോഗത്തിൽ തീരുമാനമാകുന്നു.എസ് ആർ ജി യോഗത്തിൽ ചർച്ച ചെയ്യപ്പെടുന്ന ഈ ആശയങ്ങളെല്ലാം ക്രോഡീകരിച്ച് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടി

പൊതു വിദ്യാഭ്യാസത്തിൻറെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിയാണ് ഇത്. ഭൗതിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക നിലവാരം ഉയർത്തുന്നതിനും പൊതു വിദ്യാഭ്യാസത്തിൻറെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിപാടികളാണ് ഈ പ്രോഗ്രാമിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ മേഖലയിൽ പൊതുസമൂഹത്തെയും ആരോഗ്യ മേഖലയിലുള്ളവരെയും രാഷ്ട്രീയ മേഖലയിലുള്ളവരെയും സാംസ്കാരിക നേതാക്കളെയും വായനശാല ക്ലബ്ബ് പ്രവർത്തകരെയും പോലീസ് കാരെയും ഉൾപ്പെടുത്തി അവരുടെ സേവനങ്ങളും കൂടി ലഭ്യമാകുന്ന പ്രവർത്തനങ്ങളാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടി ലക്ഷ്യമിടുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തി പൊതു വിദ്യാഭ്യാസത്തിൻറെ ഗുണമേന്മ വർദ്ധിപ്പിക്കുക. | ***<u>സമിതി രൂപീകരണം</u>***<br>പി.ടി.എ ,രാഷ്ട്രീയ പ്രതിനിധികൾ, വാർഡ് മെമ്പർ, വായനശാല ക്ലബ്ബ് ഭാരവാഹികൾ, ആരോഗ്യ പ്രവർത്തകർ ,പോലീസ്, സാംസ്കാരിക പ്രവർത്തകർ, എന്നിവരടങ്ങിയ യോഗം ചേർന്ന് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടികൾ ആസൂത്രണം ചെയ്യുന്നു. | മെയ് | പിടിഎ<br><br>ഹെഡ്മാസ്റ്റർ |
| | ***<u>ഗൃഹ സന്ദർശനം</u>***<br>എല്ലാ കുട്ടികളുടെയും വീടുകൾ സന്ദർശിച്ച് ഭൗതിക അക്കാദമിക സൗകര്യങ്ങൾ വിലയിരുത്തുക ,പ്രത്യേക ഫോർമാറ്റിൽ വിവരങ്ങൾ ശേഖരിക്കുക ,അവയുടെ ക്രോഡീകരണവും അവലോകനവും നടത്തുക. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടി പ്രവർത്തനങ്ങൾ അവതരിപ്പിക്കൽ | മെയ് | ക്ലാസ് അധ്യാപകർ |
| | ***<u>ഉന്നതി സന്ദർശനം</u>***<br>ഉന്നതികളിൽ മാത്രമായി പ്രത്യേക സന്ദർശനവും കോർണർ പിടിഎ ചേർന്ന് വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കേണ്ടതിന്റെ ആവശ്യകതാ ബോധവൽക്കരണവും നടത്തുന്നു.<br>***<u>അക്ഷരലോകം</u>***<br>എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യുന്നു.<br>സി .ഇ .കണ്ടിന്യൂസ് ഇവാല്യവേഷൻ കാര്യക്ഷമമായി | മെയ് | |

| | | | |
|---|---|---|---|
| | നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു .<br>ഒബ്ജക്റ്റീവ് ടൈപ്പ് ക്വസ്റ്റ്യനുകൾ ഓരോ പാഠത്തിന്റെയും ഭാഗമായി രൂപീകരിക്കുന്നു.<br>എല്ലാ ക്ലാസ് മുറികളും ഡിജിറ്റലായി മാറുന്നു<br>സമഗ്ര പോർട്ടൽ കുട്ടികളുടെ നേട്ടങ്ങൾ കൃത്യമായി സമഗ്ര പോർട്ടലിൽ രേഖപ്പെടുത്തുന്നു.<br>സ്കൂൾ വിക്കി യിൽ സ്കൂൾ പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നു.<br>കുട്ടികളുടെ കഴിവുകളും മികവുകളും സോഷ്യൽ മീഡിയകളിൽ പ്രദർശിപ്പിക്കുന്നു<br>വിലയിരുത്തൽ കാര്യക്ഷമമാക്കുന്നു.ഓരോ പാഠഭാഗത്തെയും അടിസ്ഥാനമാക്കി നവിലയിരുത്തൽ പ്രവർത്തനങ്ങൾ നടത്തുന്നു.<br>വ്യക്തിഗത അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു<br>ഓരോ ക്ലാസ്സിന്റെയും പഠന ലക്ഷ്യങ്ങൾ രക്ഷിതാക്കളുടെ അറിവിലേക്ക് പ്രദർശിപ്പിക്കുന്നു<br>ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ട് പഠന പിന്തുണ നൽകുന്നതിനായി വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നു.<br>***പഠനോത്സവം***<br>ഒരു വർഷത്തെ അക്കാദമിക നേട്ടങ്ങൾ അവതരിപ്പിച്ച് സമൂഹത്തെ അക്കാദമിക മികവ് ബോധ്യപ്പെടുത്തുന്നതിനായി പഠനോത്സവം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ<br><br>മാർച്ച് | |

## ഭാഷ

# ഉദ്ദേശ്യങ്ങൾ

വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലൂടെ നയിച്ച് തൻറെ ആശയങ്ങളും സൃഷ്ടികളും സ്വയം രൂപീകരിക്കുന്നതിനും മറ്റുള്ളവരിൽ എത്തിക്കുന്നതിനും അങ്ങനെ ഭാഷാപരമായ കഴിവുകൾ വളർത്തുന്നതിനും ഭാഷാ പഠനം അത്യാവശ്യമാണ്. ഓരോ കുട്ടിയെയും എഴുത്തിലൂടെയും വായനയിലൂടെയും മുന്നേറാൻ സഹായിക്കാനും പിന്നാക്കം നിൽക്കുന്നവരെ പിന്തുണ നൽകി മുൻനിരയിൽ എത്തിച്ച് വായനയുടെയും എഴുത്തിന്റെയും പുത്തൻ ലോകത്തേക്ക് ആനയിക്കുന്നതിനും ഭാഷാ പഠനം ഒരു അനുഭവമായി മാറണം.

## ഉപമേഖല

# അക്ഷരലോകം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിൽ ഓരോ കുട്ടിയേയും എത്തിക്കുന്നതിന് മാതൃഭാഷയ്ക്ക് വലിയ പങ്കുണ്ട് .ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നത് ഓരോ കുട്ടിയുടെയും

അവകാശമാണ് . പിന്നാക്കം നിൽക്കുന്നവരെ കൂടി പരിഗണിച്ച് അവരെയും കൂടി മുൻനിരയിൽ എത്തിക്കേണ്ടത് ഓരോ അധ്യാപകരുടെയും കടമയാണ് .അതിനായി കൃത്യതയോടും വ്യക്തതയോടും കൂടിയ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ലളിതമായ രീതിയിൽ അവ നടപ്പിലാക്കേണ്ടതുണ്ട്. കുട്ടികൾക്ക് താല്പര്യമുള്ള അനുഭവമായി മാറിയാൽ മാത്രമേ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഭാഷാ പഠനം **സാധ്യമാവുകയുള്ളൂ.അത്തരത്തിൽ തയ്യാറാക്കപ്പെട്ട ചില പ്രവർത്തനങ്ങളാണ് അക്ഷരലോകം പദ്ധതിയിലൂടെ 2025- 26 അധ്യായന വർഷത്തിൽ നടപ്പിലാക്കുന്നത്.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിലെ പിന്നാക്കം നിൽക്കുന്ന കുട്ടികളെ അക്ഷരജ്ഞാനം ഉള്ളവരാക്കി മാറ്റുന്നതിന് .<br>വായനയിലും എഴുത്തിലും കൃത്യതയുള്ളവരാക്കുന്നതിന്.<br>പഠന പ്രവർത്തനങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്. | പ്രീ ടെസ്റ്റ് ജൂൺ ആദ്യവാരത്തിൽ പ്രീ ടെസ്റ്റ് നടത്തി അധ്യാപകർ കുട്ടികളെ വിലയിരുത്തുന്നു വിവിധ ഗ്രൂപ്പുകളായി (പ്രവർത്തനം നൽകുന്നതിനായി മാത്രം) തിരിക്കുന്നു.<br>അക്ഷരം മാത്രം എഴുതുന്നവർ വാക്കുകൾ എഴുതുന്നവർ വാക്യങ്ങൾ തെറ്റ് കൂടാതെ എഴുതുന്നവർ വിവരണം എഴുതുന്നവർ എന്നിങ്ങനെ.<br><br>നൽകുന്ന പ്രവർത്തനങ്ങൾ<br><br>പിറകിൽ കാന്തം ഒട്ടിച്ച അക്ഷര കാർഡുകൾ തകര ബോർഡിൽ ക്രമീകരിച്ച് പദങ്ങൾ നിർമ്മാണം ,വാക്യങ്ങൾ നിർമ്മാണം. വാക്യ കേളികൾ<br>അക്ഷരകേളികൾ<br>അക്ഷര ചിത്രങ്ങൾ രൂപീകരിക്കൽ<br>പദപ്രശ്നം പൂർത്തിയാക്കൽ<br>പാഠപുസ്തകം ലളിതമാക്കി വായന മെറ്റീരിയൽ തയ്യാറാക്കൽ<br>വായനാ മത്സരം<br>വ്യക്തിഗത പ്രവർത്തനങ്ങൾ നൽകൽ<br>ഗ്രൂപ്പ് വായന<br>ചങ്ങല വായന<br>അമ്മമാരുടെ സഹായത്തോടെ വായനാ മെറ്റീരിയൽ തയ്യാറാക്കൽ.<br>നിർമ്മിക്കുന്ന ലഘു സൃഷ്ടികൾ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കൽ. | ജൂൺ മുതൽ ഫെബ്രുവരി വരെ | അതത് ക്ലാസ് അധ്യാപകർ<br><br>പിടിഎ |

# ക്ലാസ്സ് ലൈബ്രറി

## ഉദ്ദേശ്യങ്ങൾ

സ്വതന്ത്ര വായനയ്ക്ക് ക്ലാസ് ലൈബ്രറിയുടെ പങ്ക് ചെറുതല്ല .ഓരോ ക്ലാസിനും അനുയോജ്യമായ പുസ്തകങ്ങൾ ശേഖരിച്ച് കുട്ടികൾക്ക് നൽകി അവരെ മികച്ച വായനക്കാരാക്കാം. വായിച്ച് വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും എന്ന കുഞ്ഞുണ്ണി മാഷിൻറെ വരികൾ വായനയുടെ പ്രാധാന്യം വിളിച്ചറിയിക്കുന്നതാണ്. ഒരു നല്ല വായനക്കാരന് മാത്രമേ നല്ലൊരു എഴുത്തുകാരൻ ആവാൻ സാധിക്കുകയുള്ളൂ വായന നന്നായാൽ മാത്രമേ എഴുത്തും നന്നാവുകയുള്ളൂ. അതിനാൽ ക്ലാസ് ലൈബ്രറികൾ ഓരോ ക്ലാസിലും നിലവാരത്തിന് അനുസരിച്ച് തയ്യാറാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും | ലൈബ്രറി പുസ്തകങ്ങൾ സമാഹരിക്കുക | ജൂൺ | ക്ലാസ് ടീച്ചർ |
| | കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ സ്കൂളിൽ ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങൾ സമാഹരിക്കുക. | ജൂലൈ | കുട്ടി ലൈബ്രറിയൻ |
| താല്പര്യമുള്ള പുസ്തകങ്ങൾ സ്വയം തിരഞ്ഞെടുത്ത് വായിക്കുന്നതിന് | പിറന്നാൾ സമ്മാനമായി ഒരു പുസ്തകം ക്ലാസ് ലൈബ്രറിയിലേക്ക് നൽകുന്ന പ്രവർത്തനം ആരംഭിക്കുക. | ആഗസ്റ്റ് | ഹെഡ്മാസ്റ്റർ |
| വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നതിന് | അധ്യയന വർഷാരംഭത്തിൽ തന്നെ സ്കൂൾ ലൈബ്രറിയിൽ നിന്ന് ക്ലാസ് ലൈബ്രറിയിലേക്ക് കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് പുസ്തകങ്ങൾ തിരഞ്ഞെടുക്കുക. | ഒക്ടോബർ | |
| രചനാപരിചയ കുറിപ്പുകൾ തയ്യാറാക്കുന്നതിന് | ക്ലാസ് ലൈബ്രറി രജിസ്റ്റർ തയ്യാറാക്കുക കുട്ടി ലൈബ്രറി തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുക | | |
| | കുട്ടികൾക്ക് ഇഷ്ടപ്പെട്ട പുസ്തകങ്ങൾ സ്വയം തിരഞ്ഞെടുക്കുന്നതിനുള്ള അവസരം നൽകുക | | പിടിഎ |
| | വീടുകളിൽ നിന്നും പത്രം ഓഫീസുകളിൽ നിന്നും ബാല മാസികകൾ ശേഖരിക്കുക, ബാല മാസികകൾ ക്ലാസ് ലൈബ്രറിയിലേക്ക് ഉൾപ്പെടുത്തുക | നവംബർ | |
| | അക്ഷരലോകം പദ്ധതിയുമായി ബന്ധപ്പെട്ട വായന കാർഡുകൾ ക്ലാസ് ലൈബ്രറികളിൽ ഉപയോഗപ്പെടുത്തുക | | |
| | വായന കുറിപ്പ് തയ്യാറാക്കൽ മത്സരങ്ങൾ സംഘടിപ്പിക്കുക | | |
| | വായിച്ച പുസ്തകങ്ങൾ മറ്റൊരാൾക്ക് വായിക്കാൻ പ്രേരണ നൽകുന്ന രചന പരിചയക്കുറിപ്പുകൾ തയ്യാറാക്കുക | | |
| | പാഠപുസ്തകത്തിലെ രചനകളുടെ രചന പരിചയക്കുറിപ്പുകൾ തയ്യാറാക്കുക | | |
| | രചനാ പരിചയക്കുറിപ്പുകളുടെ പതിപ്പ്, പ്രദർശന എന്നിവ പഠനോത്സവത്തിൽ അവതരിപ്പിക്കുക | മാർച്ച് | |

# ക്ലബ്ബ് പ്രവർത്തനങ്ങൾ

## ഉദ്ദേശ്യങ്ങൾ

സംഘ പ്രവർത്തനങ്ങൾക്ക് സാധ്യത നൽകുന്നതിനും കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ച് വിവിധ സംഘങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള അവസരം നൽകുന്നതിനാണ് സ്കൂളുകളിൽ വിവിധ ക്ലബ്ബുകൾ രൂപീകരിക്കുന്നത്.ഭാഷാ ക്ലബ്ബ്, ഗണിത ക്ലബ്ബ് ,ശാസ്ത്ര ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, മാതൃഭൂമി സീഡ് ക്ലബ്ബ് വിദ്യാരംഗം കലാസാഹിത്യ വേദിഎന്നിവ സ്കൂളിൽ പ്രവർത്തിക്കുന്നു.ക്ലബ്ബുകളിൽ ഒന്നു മുതൽ നാലു വരെ ക്ലാസിലെ കുട്ടികൾ അംഗങ്ങളാണ്.ഓരോ ക്ലബ്ബിനും കൺവീനറും പ്രസിഡണ്ടും തെരഞ്ഞെടുക്കപ്പെടുന്നു. അവരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് അവരവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ചുള്ള സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്. സാമൂഹ്യ പ്രതിബദ്ധതയുള്ള കുട്ടികളായി വളരുന്നതിന്. | കുട്ടികളെ അവരുടെ അഭിരുചികൾക്കനുസരിച്ച് ഭാഷ ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് വിദ്യാരംഗം കലാസാഹിത്യ വേദി ഗണിത ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് എന്നിവ രൂപീകരിക്കുന്നു.<br><br>(മാതൃഭൂമിയുടെ ക്ലബ്ബിൽ സ്കൂളിലെ എല്ലാ കുട്ടികളും അംഗങ്ങളാണ്)<br><br>സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും സംഘടിപ്പിക്കുന്നു.<br><br>ഓരോ ക്ലബ്ബിന്റെയും സെക്രട്ടറിമാർക്ക് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നോട്ടുബുക്കുകൾ വിതരണം ചെയ്യുന്നു റിപ്പോർട്ട് തയ്യാറാക്കുന്നതിന് മാതൃക നൽകുന്നു.<br><br>ഭാഷാ ക്ലബ്ബ് -വിദ്യാരംഗം കലാസാഹിത്യ വേദിയോട് സഹകരിച്ച് പ്രവർത്തിക്കുന്നു<br>കഥാ രചന, കവിതാരചന, ചിത്രരചന തുടങ്ങിയ രചന കഴിവുകൾ വർധിപ്പിക്കുന്നു.<br>കഥയരങ്ങ് കവിതയരങ്ങ് സംഘടിപ്പിക്കുന്നു.<br>ഗണിത ക്ലബ്ബ് - ഗണിതകേളികൾ പസിലുകൾ, നമ്പർ ചാർട്ടുകൾ എന്നിവ കണ്ടെത്തി അവതരിപ്പിക്കുന്നു. ഗണിത പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br>ശാസ്ത്ര ക്ലബ്ബ് - ശാസ്ത്ര പരീക്ഷണങ്ങൾ ഏർപ്പെടുന്നു. പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. പ്രകൃതി | ജൂൺ<br><br>ജൂലൈ<br><br>ജൂൺ മുതൽ മാർച്ച് വരെ | ഹെഡ്മാസ്റ്റർ<br><br>കൺവീനർമ ാർ<br><br>സെക്രട്ടറിമാ ർ |

| | | | |
|---|---|---|---|
| | നിരീക്ഷണം, ഫീൽഡ് ട്രിപ്പ് എന്നിവ സംഘടിപ്പിക്കുന്നു.<br>മാതൃഭൂമി സീഡ് ക്ലബ്ബ് - സീഡ് ക്ലബ്ബിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്ലാസ്റ്റിക് കുറയ്ക്കുക, പ്രകൃതിയെ സംരക്ഷിക്കുക, കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ആശയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു<br>ഹെൽത്ത് ക്ലബ് -സ്കൂളിലെ ആരോഗ്യ ശുചിത്വ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നത് നേതൃത്വം നൽകുന്നു മാലിന്യ സംസ്കരണ ബോധവൽക്കരണം നൽകുന്നു.പ്രഥമ ശുശ്രൂഷ ക്ലാസുകളിൽ സഹായിക്കുന്നു. | | |

# പരിസര പഠനം

## ഉദ്ദേശ്യങ്ങൾ

പ്രകൃതിയെ അറിയുന്നതിനും സ്നേഹിക്കുന്നതിനും പരിസ്ഥിതിയെ മലിനപ്പെടുത്താതെ സംരക്ഷിക്കുന്നതിനും പരിസര പഠനം അത്യന്താപേക്ഷിതമാണ് .മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പര്യം കണ്ടെത്തുന്നതിനുള്ള അവസരം പരിസര പഠനത്തിലൂടെ ലഭ്യമാക്കണം. കൃത്യതയോടും സൂക്ഷ്മതയോടും പരീക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഏർപ്പെടുന്നതിനും സൂക്ഷ്മതയുള്ള പ്രകൃതി നിരീക്ഷണത്തിനും താരതമ്യ പഠനത്തിനും അപഗ്രഥനത്തിനും ധാരാളം അവസരങ്ങൾ ഒരുക്കുന്നതിലൂടെ പരിസര പഠനം സാധ്യമാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| പരിസര നിരീക്ഷണത്തിലൂടെയും താരതമ്യ പഠനത്തിലൂടെയും പരീക്ഷണങ്ങൾ ഏർപ്പെട്ടും പ്രകൃതിയെ സംരക്ഷിക്കണമെന്ന ആശയം രൂപപ്പെടുന്നതിന്. | പ്രകൃതിയെ അറിയാം<br>ഫീൽഡ് ട്രിപ്പ്,പ്രകൃതി നിരീക്ഷണം<br>അയിരൂർ എസ്റ്റേറ്റ് ഫീൽഡ് ട്രിപ്പ്മരങ്ങളും ചെടികളും കുട്ടകളും നിരീക്ഷിക്കാം<br>കുളം നിരീക്ഷണം -അയിരൂർഎക്ലൈറ്റിലെ കുളം സന്ദർശിച്ച്കുറിപ്പ് തയ്യാറാക്കൽ<br>അരിക്കളം തറവാടിന്റെ നെൽകൃഷി സന്ദർശനം<br>ബാണാസുര സാഗർ ഡാം സന്ദർശനം<br>സ്കൂൾ പച്ചക്കറി തോട്ടം നിർമ്മാണം -സ്കൂളിലെ ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികളും മഞ്ഞൾ, ഇഞ്ചി കറിവേപ്പ്, വേലിചേര, , ചേന, ചേമ്പ് ,എന്നിവയുടെ ഉൽപാദനം | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ<br>ക്ലാസ് അധ്യാപകർ<br>ഹെഡ്മാസ്റ്റർ<br>കൃഷി വകുപ്പ് |

| | | | |
|---|---|---|---|
| | പഴവർഗ്ഗങ്ങൾ -ചെടി നടൽ സംരക്ഷിക്കൽ<br><br>ശലഭോദ്യാനം -ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ നടൽ<br><br>വിവിധ നിരീക്ഷണ താരതമ്യ പഠന പ്രവർത്തനങ്ങൾ<br><br>ലഘു പരീക്ഷണങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കൽ (വായുജലം മണ്ണ് എന്നിവയുമായി ബന്ധപ്പെട്ടവ )<br><br>പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br><br>മാലിന്യ സംസ്കരണ ബോധവൽക്കരണം<br>മാലിന്യങ്ങളെ വെവ്വേറെ തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കൽ<br><br>പക്ഷി നിരീക്ഷണം<br>ശാസ്ത്ര കൗതുകങ്ങൾ ആസ്വദിക്കൽ<br>ജൈവവൈവിധ്യ പാർക്ക് സംരക്ഷണം -സ്കൂളിൽ നിലവിലുള്ള ജൈവവൈവിധ്യ പാർക്ക് വിപുലീകരിച്ച് സംരക്ഷിക്കുക<br><br>സ്കൂൾ പരിസരത്തെ സസ്യങ്ങൾ പേരെഴുതി പ്രദർശിപ്പിക്കുക<br><br>പഞ്ചായത്ത് ജില്ല കേരളം ഇന്ത്യ എന്ന ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കൽ<br>ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ<br><br>ദേശീയ ചിഹ്നങ്ങൾ, ദേശീയ ഗാനം, സ്വാതന്ത്ര്യസമര സേനാനികൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കൽ, ക്വിസ് മത്സരം | | |

# ENGLISH

## Aim

English is a global language so the word demand a good knowledge in English ,make the human life much better in this digital world. So the basic lessons of English language skill should be grown up from the early cold period as a primary school we emphasis on the learning of basic and updated English language in the listening speaking reading and writing skills of every student.

| Aim | Activities | Duration | Duties |
|---|---|---|---|
| To ensure the participation of all students from standard 1 to 4 in every English skill such learning reading speaking and writing. | Pretest in June 1st week<br>Classify the students in different growth based on the previous knowledge in English<br><br>Public announcement and exhibition of new word for faces that help to speak English in daily life .<br>Eg. Whatsup?<br>have a good one.etc<br><br>Magnetic board that help to select and arrange the words using magnetic letters.<br><br>Make reading card based on the unit in textbook for simple learning of vocabulary<br><br>Group reading and chain reading<br><br>Conversation, skit ,Rhyme and short stories to listen and read as a part of classroom activities with others help of ICT.<br><br>English newspaper preparation<br><br>What card ,sentence card making<br>Choreography based on learning objectives.<br>Reading cards . Introduce reading card having pictures and some words.<br><br>Rhyme . Let the students sings rhymes having interesting rhythm, rhyming words and action.<br><br>Introducing self. Self introduction | June<br><br><br><br><br>June<br><br><br><br><br><br>June to March | Class teachers<br><br>Language club convener<br><br>Headmaster |

| | | | |
|---|---|---|---|
| | always demand a good performance and language. It shows how does the student describe the self before others.<br><br>Description<br>Introduce some interesting materials and ask the student to explain the colour,use,shape,etc.<br>Picture reading and asking to explain.<br>Let the students describe themselves about their dresses and bod.y<br>Introduce some situations by using videos or pictures and allow them to describe. | | |

# ഗണിതം

## ഉദ്ദേശ്യങ്ങൾ

ജീവിതത്തിൻറെ എല്ലാ മേഖലകളെയും ഗണിതശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിതത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നു പോകില്ല. പ്രായോഗിക പ്രശ്നങ്ങളിലൂടെ കടന്നുപോകുന്ന ഒരു കുട്ടിക്ക് തന്റെ നിത്യജീവിത സന്ദർഭങ്ങളിലെ ചില പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയുന്നു. തന്റെ ജീവിത ചുറ്റുപാടുമായോ സാഹചര്യങ്ങളുമായോ അല്ലാതെയുമുള്ള നിരവധി പ്രശ്നങ്ങൾ നേരിടേണ്ടി വരുമ്പോൾ വ്യത്യസ്ത ചിന്താ വഴികളിലൂടെ കുട്ടി കടന്നു പോകേണ്ടതുണ്ട്. അതിലൂടെ പുതിയ സന്ദർഭങ്ങൾ തങ്ങൾ പഠിച്ച ആശയങ്ങളെ പ്രയോഗിക്കാനും സമർപ്പിക്കാനും ഓരോരുത്തർക്കും കഴിയുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത അഭിരുചി വളർത്തുന്നതിന്<br>പഠിച്ച ഗണിത ആശയങ്ങൾ പലതലത്തിൽ അവതരിപ്പിക്കുന്നതിന്<br>ഗണിത സൗന്ദര്യം ആസ്വദിക്കുന്നതിന്<br><br>ഒന്ന് മുതൽ പതിനായിരം വരെയുള്ള സംഖ്യകളെ കുറിച്ച് കളികളിലൂടെയും | സംഖ്യാ കാർഡുകൾ നിർമ്മാണം - സംഖ്യയെ പരിചയപ്പെടൽ നിർമ്മിച്ച കാർഡുകൾ ഉപയോഗപ്പെടുത്തി ഓരോ ക്ലാസിനും അനുയോജ്യമായ സംഖ്യകൾ രൂപീകരിക്കുക,ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുക ചതുഷ്ക്രിയകളിൽ ഏർപ്പെടുക.<br><br>ഉല്ലാസ ഗണിതം - ഗ്രൂപ്പുകളിൽ ഗണിത കളികൾ ഗണിത പസിലുകൾ എന്നിവ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ<br><br>ഹെഡ്മാസ്റ്റർ പിടിഎ |

| | | | |
|---|---|---|---|
| പഠനങ്ങളിലൂടെയും ഗണിതാശയങ്ങളും സംഖ്യാബോധവും ഉറപ്പിക്കുന്നതിന് | നൽകുന്നു.<br><br>ചുമർചിത്രം -സ്കൂളിൽ ഈ വർഷം നിർമ്മിച്ച സ്കീനുകളിൽഗണിതരൂപങ്ങൾ വരച്ചു ചേർക്കുക<br><br>ടീച്ചിങ് നിർമ്മാണ ശില്പശാല അധ്യാപകരുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായസഹകരണത്തോടെ ശില്പശാലകൾ നടത്തുന്നു.<br>ഗണിതം മ്യൂസിയം തയ്യാറാക്കുന്നു -നിർമ്മിച്ച ഗണിതോപകരണങ്ങളെ പ്രദർശിപ്പിച്ചും പുനരുപയോഗത്തിന് അവസരം ഒരുക്കിയും ഗണിത മ്യൂസിയം തയ്യാറാക്കുന്നു.<br><br>ചതുഷ്ക്രിയകൾക്ക് പ്രാധാന്യം നൽകുന്നു. അടിസ്ഥാന ഗണിതാശയങ്ങൾ ഉറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി തയ്യാറാക്കുന്നു.<br><br>അളവ് തൂക്ക ഉപകരണങ്ങൾ പരിചയപ്പെടുന്നു സമാന ഉപകരണങ്ങൾ നിർമ്മിക്കുന്നു.<br><br>ഐസിടി ഉപയോഗപ്പെടുത്തിയുള്ള ഗണിത പഠനത്തിന് കൂടുതൽ അവസരങ്ങൾ നൽകുന്നു.<br><br>പ്രായോഗിക പ്രശ്നങ്ങൾ -പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്കായി പ്രായോഗിക പ്രശ്നാപഗ്രഥന പ്രവർത്തനങ്ങൾ ലളിത വൽക്കരിച്ചു നൽകുന്നു.<br><br>പാറ്റേണുകൾ -ചിത്ര പാറ്റേണുകൾ സംഖ്യ പാറ്റേണുകൾഎന്നിവ രസകരമായി അവതരിപ്പിക്കുന്നു | | ഒക്ടോബർ |

| | | | |
|---|---|---|---|
| | ഗണിതകേളികൾ -ഗണിതത്തെ താൽപര്യം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ കളികൾ കണ്ടെത്തി അവതരിപ്പിക്കുന്നു<br><br>ഗണിത വിജയം - ഗണിത വിജയം പ്രവർത്തനങ്ങൾ,സാമഗ്രികൾ ഉപയോഗപ്പെടുത്തിപഠന പിന്നാക്ക അവസ്ഥ അനുഭവിക്കുന്ന കുട്ടികൾക്കായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | | |

# ഭൗതിക സാഹചര്യങ്ങൾ

അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ എല്ലാം തന്നെ പടിഞ്ഞാറത്തറ സെൻറ് തോമസ് ഇവാഞ്ചലിക്കൽ എൽ പി സ്കൂളിന് സ്കൂൾ മാനേജ്മെൻറ് ഒരുക്കിയിട്ടുണ്ട്. ക്ലാസ് മുറികളെ വേർതിരിക്കുന്നതിനുള്ള മരത്തിൻറെ സ്ക്രീൻ ഒഴിവാക്കി നിരക്കി നീക്കാൻ കഴിയുന്ന തരത്തിലുള്ള ഇരുമ്പ് സ്ക്രീനുകൾ നിർമ്മിക്കുകയാണ് ഈ വർഷം മുന്നോട്ട് വയ്ക്കുന്ന പ്രധാന ഭൗതിക സൗകര്യം.എല്ലാ ക്ലാസ് റൂമുകളിലും പ്രൊജക്ടറുകളും സ്ക്രീനുകളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.പുതിയ സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു.

# ഉപസംഹാരം

2025 -26 അധ്യായനവർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ ആണ് ഇവിടെ ഉൾക്കൊള്ളിച്ചിരിക്കുന്നത്.എസ് ആർ ജി യോഗങ്ങളിൽ നിന്നാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപപ്പെട്ടത്.ഈ വർഷം രണ്ട് ,നാല് ക്ലാസുകളിൽ പാഠപുസ്തകം മാറിയിട്ടുണ്ട് .അതിനാൽ തന്നെ മുൻകൂട്ടി തയ്യാറാക്കപ്പെട്ട അക്കാദമിക മാസ്റ്റർ പ്ലാൻ പൂർണ്ണമാകുന്നില്ല, മറിച്ച് പാഠഭാഗങ്ങളിലൂടെ കടന്നു പോകുമ്പോൾ കണ്ടെത്തുന്ന പുതിയ ആശയങ്ങൾ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ പിന്നീട് കൂട്ടിച്ചേർക്കപ്പെടുന്നതാണ്.അക്കാദമിക മാസ്റ്റർ പ്ലാൻരൂപീകരിക്കുന്നതിന് പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും നന്ദി.

*ഹെഡ് മാസ്റ്റർ*
*സെന്റ് തോമസ് ഇ എൽ പി സ്കൂൾ പടിഞ്ഞാറത്തറ*